# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4665, 22/03/2018-ൽ മറുപടിക്ക്

### തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ

| ചോദ്യം<br>ശ്രീ. ടി. എ. അഹമ്മദ് കബീർ | | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതുണ്ടോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ത്രിതല ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ ജീവനക്കാർ ഇത്തരത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ; | ഉണ്ട്; പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ 03/12/1990 ലെ സ.ഉ. (കൈ) നം. 205/90/എൽ. എ. ഡി. എന്ന ഉത്തരവ് പ്രകാരവും മുനിസിപ്പൽ ജീവനക്കാർ 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരവും ആണ് പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടത്. |
| (ബി) | അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതുണ്ടോ; നിലവിലെ സമ്പ്രദായം വിശദമാക്കാമോ; | ഉണ്ട്; കെ. എസ്. ആർ. ഭാഗം ഒന്ന്, ചട്ടം 146 പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലിന്റെ മാക്സിമത്തിന്റെ 15% നിരക്കിൽ പ്രതിമാസ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതാണ്. ഇതിൽ നിന്നും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ (എൻ. പി. എസ്.) അംഗങ്ങളായ ഉദ്യോഗസ്ഥരെ ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടി വ്യക്തമാക്കാമോ? | മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്ന കാലയളവിൽ ടി ജീവനക്കാരുടെ ആകെ ശമ്പളത്തിന്റെ 15 % പെൻഷൻ കോൺട്രിബ്യൂഷൻ ആയി സർക്കാർ അടയ്ക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് വകുപ്പ് ജീവനക്കാർ ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്ന കാലയളവിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ